**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3609** **12-03-2025 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് മർദ്ദനങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിക്കുന്നതിനായി ഇടിമുറികൾ പ്രവർത്തിക്കുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഇത്തരം ആക്ഷേപം ശരിവക്കുംവിധം വസ്തുതാപരമായ യാതൊരു തെളിവും ലഭിച്ചിട്ടില്ല. |
| (ബി) | തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസിൽ കോളേജ് ഗ്രൗണ്ടിൽവച്ചും പിന്നീട് ക്യാമ്പസിനുള്ളിലെ ഇടിമുറിയിലേക്ക് കൊണ്ടുപോയും ക്രൂരമായി മർദ്ദിക്കപ്പെട്ടുവെന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാര്യവട്ടം കാമ്പസിൽ വിദ്യാർത്ഥിക്ക് മർദ്ദനം ഏറ്റതുമായി ബന്ധപ്പെട്ട് വിഷയവുമായി ബന്ധപ്പെട്ട് 7 വിദ്യാർത്ഥികളെ കോളേജിൽ നിന്നും മാർച്ച് 6 വരെ സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന്, ആന്റി റാഗിങ്ങ് സെല്ലിന്റെ റിപ്പോർട്ട് കഴക്കൂട്ടം പോലീസ് സ്റ്റേഷന് കൈമാറുകയും FIR രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കോളേജുകളിൽ ഇടിമുറികൾ ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഉൾപ്പെടെയുള്ള അനിഷ്ട സംഭവങ്ങൾ തടയുന്നതിനും സുരക്ഷിതമായ പഠന അന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ